(ബി) പൊതുമേഖലാ സ്ഥാപനങ്ങളെയും തൊഴിലാളികളെയും പ്രതികൂലമായി ബാധിക്കുന്ന ശുപാർശകൾക്കെതിരെ ഉണ്ടായ പൊതുജനവികാരം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക ഘടനയെപ്പറ്റി മനസ്സിലാക്കാതെ റിഫോംസ് കമ്മിറ്റി തയ്യാറാക്കിയ ശുപാർശകൾ തള്ളിക്കളയുന്നതിനും സ്ഥാപനങ്ങളെ പൊതുമേഖലയിൽ നവീകരിക്കുന്നതിനും തയ്യാറാകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ഓരോ പൊതുമേഖലാ സ്ഥാപനത്തെയും സംബന്ധിച്ചു നൽകുന്ന ശുപാർശകൾ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ശുപാർശ സഹിതം സർക്കാർ വിശദമായി പഠിച്ച് ആവശ്യമെങ്കിൽ അനുയോജ്യമായ മാറ്റങ്ങളോടെ മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടെ അംഗീകരിക്കുന്നു. വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി, സി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് രൂപീകരിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സർക്കാർ പ്രഖ്യാപിച്ച സമീപന രേഖ അനുസരിച്ച് ബന്ധപ്പെട്ട തൊഴിലാളി സംഘടനകളുടക്കം എല്ലാവരുമായി ചർച്ച നടത്തിയാണ് പുനരുദ്ധാരണ ശുപാർശകൾ സമർപ്പിക്കുന്നത്. ധനസഹായം നൽകിയിട്ടും തുടർച്ചയായി നഷ്ടം വരുത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലവയെ പുനരുദ്ധാരണം സാധ്യമല്ലെങ്കിൽ അടച്ചുപൂട്ടുന്നതിനും, ചിലവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പുനരുദ്ധരിക്കുന്നതിനും, അല്ലാത്തവയെ സ്വകാര്യമേഖലയുമായി സഹകരിച്ച് പുനരുദ്ധരിക്കുന്നതിനും ആണ് സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്. പ്രവർത്തനം നിർത്തലാക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടി ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയും സർക്കാർ നടപ്പാക്കിയിട്ടുണ്ട്.

കെൽട്രോൺ സ്ഥാപനങ്ങളെ പൊതുമേഖലയിൽ നിലനിർത്താൻ നടപടി

*11 [251] ശ്രീ. പി. സി. ജോർജ്:

„ കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെൽട്രോൺ സ്ഥാപനങ്ങളിൽ ഏതെങ്കിലും അടച്ചു പൂട്ടാനോ സ്വകാര്യവൽക്കരിക്കാനോ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കെൽട്രോൺ സ്ഥാപനങ്ങൾ ഓരോന്നിന്റെയും കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ; ഏതെങ്കിലും സ്ഥാപനം ഏറ്റെടുക്കുന്നതിനായി പ്രതിരോധ വകുപ്പ് തയ്യാറായിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആവശ്യത്തിന് ഓർഡറുകളും പ്രവർത്തനക്ഷമതയുമുള്ള കെൽട്രോണിനെ പൊതുമേഖലയിൽ നിലനിർത്തി പുനരുദ്ധരിക്കാൻ തയ്യാറാകുമോ;

(ഡി) ഏതെങ്കിലും സ്ഥാപനം സഹകാര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ;

(ഇ) കെൽട്രോൺ സ്ഥാപനങ്ങളിൽ നിന്ന് ഇതിനകം എത്ര ജീവനക്കാരെ പിരിച്ചുവിടുകയുണ്ടായിയെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ ബി. ഐ. എഫ്. ആർ.-ന് സമർപ്പിക്കാത്തതിനെ തുടർന്ന് കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം തൃശ്ശൂരിലെ കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ് (കെ. പി. ഡി. എൽ.), കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ് (കെ. ആർ. എൽ.), തിരുവനന്തപുരത്തെ കെൽട്രോൺ പ്രൊജക്ടേഴ്സ് ലിമിറ്റഡ് (കെ. പി. എൽ.) എന്നീ കമ്പനികൾ അടച്ചുപൂട്ടാൻ തീരുമാനിച്ചു. കെൽട്രോൺ കൗണ്ടേഴ്സിനെ അടച്ചുപൂട്ടാൻ നിർദ്ദേശിച്ചെങ്കിലും ഇ. ആർ. സി. യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 138 ജീവനക്കാരെ ഇ. എസ്സ്. എസ്സ്. പ്രകാരം പിരിച്ചുവിട്ടതോടൊപ്പം ട്രേഡ് സെയിലിന് നിർദ്ദേശിക്കുകയും ചെയ്തു. സിഡ്കോയുടെയും കെൽട്രോണിന്റെയും സംയുക്ത സംരംഭമായ സിഡ്കൽ ടെലിവിഷനും അടച്ചുപൂട്ടുകയുണ്ടായി.

(ബി) കെൽട്രോണിന്റെ വിവിധ സ്ഥാപനങ്ങൾ പുനരുദ്ധീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുവാൻ ഇ. ആർ. സി.-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കെൽട്രോണിന്റെ ഒരു സ്ഥാപനവും പ്രതിരോധ വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും ഉത്തരവൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

(സി) ഇ. ആർ. സി. ഇതു സംബന്ധിച്ച് പഠനം നടത്തി വരുന്നുണ്ട്.

(ഡി) കെൽട്രോൺ കൗണ്ടേഴ്സ് 'ട്രേഡ് സെയിലിനായി' പരസ്യം ചെയ്തിട്ടുണ്ട്.

(ഇ) കെൽട്രോൺ സ്ഥാപനങ്ങളിൽ നിന്നും താഴെ പറയും പ്രകാരം ആകെ 1157 ജീവനക്കാർ വി. ആർ. എസ്സ്. വഴി പിരിഞ്ഞുപോയിട്ടുണ്ട്.

കെ. എസ്. ഇ. ഡി. സി.	..	699
കെ. പി. ഡി. എൽ.	..	104
കെ. ആർ. എൽ.	..	99
കെ. സി. എൽ. (ഇ. എസ്സ്. എസ്സ്.)	..	138
കെ. സി. സി. എൽ.	..	9
സിഡ്കെൽ	..	50
കെ. പി. എൽ.	..	58
	..	1157

LIBRARY ARCHIVES Kerala Legislative Assembly